## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1265 04-12-2014 -ൽ മറുപടിക്ക്

## നെന്മാറയിലെ കൃഷിനാശത്തിനു നഷ്ടപരിഹാരത്തുക നൽകാൻ നടപടി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. വി. ചെന്താമരാക്ഷൻ** | | **ശ്രീ.അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി)** |
| എ) | ഇക്കഴിഞ്ഞ കാലവർഷക്കെടുതിയിൽ നെന്മാറ നിയോജക മണ്ഡലത്തിലെ എലവഞ്ചേരി ഗ്രാമപഞ്ചായത്തിലുള്ള മലയടിവാരത്ത് ഉരുൾപൊട്ടലിൽ എത്ര ഏക്കർ കൃഷിനാശമുണ്ടായതായി വിലയിരുത്തിയിട്ടുണ്ട്; | എ) | 8 ഏക്കർ കൃഷി നാശമുണ്ടായതായി കണക്കാക്കിയിട്ടുണ്ട്. |
| ബി) | ഏതൊക്കെ കൃഷിയാണ് നശിച്ചത് എന്നും എത്ര രൂപയുടെ നഷ്ടമാണ് ഉണ്ടായത് എന്നും വിശദമാക്കുമോ; | ബി) | 6 ഏക്കർ പച്ചക്കറി കൃഷി നാശമുണ്ടായിട്ടുണ്ട്. 60,000/- രൂപയുടെ നാശനഷ്ടം കണക്കാക്കുന്നു. 2 ഏക്കർ നെൽകൃഷി നശിച്ചിട്ടുണ്ട്. 32,000/- രൂപയുടെ നാശനഷ്ടം കണക്കാക്കുന്നു. |
| സി) | കൃഷിനാശമുണ്ടായ കർഷകർക്ക് നഷ്ടപരിഹാരത്തുക പൂർണ്ണമായും നൽകിയോ; ഇല്ലെങ്കിൽ എന്ന് നൽകാൻ കഴിയുമെന്ന് വിശദമാക്കുമോ? | സി) | സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും നഷ്ടപരിഹാരം നൽകുന്നതിന് വ്യവസ്ഥയില്ല. 21.08.2014 -ലെ സർക്കാർ ഉത്തരവ് (എം.എസ്) നം. 361/2014/ഡി.എം.ഡി പ്രകാരം ആശ്വാസ ധനസഹായമാണ് നൽകിവരുന്നത്. ഈ സാമ്പത്തിക വർഷം ഈ ഇനത്തിൽ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും പാലക്കാട് ജില്ലയ്ക്ക് 1 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കൃഷി നാശത്തിന്റെ സഹായ തുകയ്ക്കുള്ള അപേക്ഷകൾ കൃഷി വകുപ്പിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ